# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 519

## 29.11.2018 - ലെ മറുപടിയ്ക്ക്

## ടി.എസ്.ബി. അക്കൗണ്ടുകൾ മുഖേന ഓൺലൈൻ ട്രാൻസാക്ഷൻ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കെ.എൻ.എ. ഖാദർ** | **ധനകാര്യവും കയറും വകുപ്പ് മന്ത്രി**<br>**ഡോ. റ്റി.എം. തോമസ് ഐസക്** |
| (എ) ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിൽ ഉപഭോക്താക്കൾക്ക് ബാങ്കുകളിലേതെന്നപോലെ ഓൺലൈൻ ഫണ്ട് ട്രാൻസ്ഫർ, പേയ്മെന്റ് എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | ബാങ്കുകളിലെന്നപോലെ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിന്മേലും ഉപഭോക്താവ് ചെക്ക് നൽകി ഓൺലൈൻ ഫണ്ട് ട്രാൻസ്ഫർ, പേയ്മെന്റ് സൗകര്യം (RTGS/NEFT) നിലവിൽ ലഭ്യമാണ്. ഇതുകൂടാതെ നെറ്റ്ബാങ്കിംഗ് സൗകര്യം ഇപ്പോൾ സജ്ജമാണ്. സേവിംഗ്സ് അക്കൗണ്ടിന്റെ സുരക്ഷയെ മുൻനിർത്തി ഈ സൗകര്യം പരീക്ഷണാടിസ്ഥാനത്തിൽ ധനകാര്യ വകുപ്പിലേയും, ട്രഷറി വകുപ്പിലേയും ജീവനക്കാർക്ക് മാത്രമായി ഇപ്പോൾ ലഭ്യമാക്കി വരുന്നു. ഒരു നിശ്ചിതകാലം ഇടപാടുകൾ നിരീക്ഷിച്ച് സുരക്ഷ ബോധ്യപ്പെട്ടതിനു ശേഷം എല്ലാ അക്കൗണ്ട് ഉടമകൾക്കും ഈ സൗകര്യം ലഭ്യമാക്കുന്നതാണ്. |
| (ബി) സംസ്ഥാന ജീവനക്കാരുടെ ശമ്പളവിതരണം നടക്കുന്ന ദിവസങ്ങളിൽ നിലവിൽ സേവിംഗ്സ് അക്കൗണ്ടുകളിൽ നിന്ന് ചെക്ക് മുഖേന മാത്രമെ പണം പിൻവലിക്കൽ സാധ്യമാകൂ എന്നതിനാൽ ഉളവാകുന്ന തിരക്കും കാലതാമസവും ഒഴിവാക്കാൻ ഈ അക്കൗണ്ടുകൾ ഓൺലൈൻ ട്രാൻസാക്ഷൻ റൈറ്റ്സ് ഉപഭോക്താക്കൾക്ക് നൽകാൻ നടപടി സ്വീകരിക്കുമോ? | നടപടി സ്വീകരിച്ചിട്ടുണ്ട്. പരീക്ഷണാടിസ്ഥാനത്തിൽ ധനകാര്യ വകുപ്പിലേയും, ട്രഷറി വകുപ്പിലേയും ജീവനക്കാർക്ക് ഈ സൗകര്യം ലഭ്യമാക്കിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ